വാഹനങ്ങളുടെ കേരളത്തിലെ ത്രൈമാസ നികുതിയുടെ പത്തിൽ ഒന്ന് ഭാഗവും ഒരു മാസത്തേയ്ക്ക് ത്രൈമാസ നികുതിയുടെ മൂന്നിൽ ഒന്ന് ഭാഗവും കേരളത്തിൽ ഈടാക്കുന്നു.

(ബി) 22-9-2014-ൽ കേരള സംസ്ഥാന ഗതാഗത വകുപ്പ് മന്ത്രിയും കർണ്ണാടക സംസ്ഥാന ഗതാഗത മന്ത്രിയും വകുപ്പ് മേധാവികളും ഈ വിഷയത്തിൽ ചർച്ച നടത്തിയിരുന്നു. ഓരോ സംസ്ഥാനത്തേയും മോട്ടോർ വാഹന നികുതി നിർണ്ണയിക്കുന്നതിന് അതതു സംസ്ഥാനങ്ങൾക്ക് അധികാരമുണ്ട്. കൂടാതെ കർണ്ണാടക സർക്കാർ തീരുമാനിച്ചിരിക്കുന്ന നികുതി ഘടന കർണ്ണാടക ഹൈക്കോടതി അംഗീകരിക്കുകയുണ്ടായി. കർണ്ണാടക സർക്കാർ നികുതി ഘടനയിൽ മാറ്റം വരുത്തിയാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയുകയുള്ളൂ.

സപ്ലിമെന്റേഷൻ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്താനുള്ള തീരുമാനം

326 (3838) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. രാജു :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലിമെന്റേഷൻ റൂട്ടുകളിൽ ഓടിക്കൊണ്ടിരുന്ന സ്വകാര്യ ബസ്സുകൾ നിർത്തലാക്കി ആ റൂട്ടുകൾ കെ.എസ്.ആർ.ടി.സി. ഏറ്റെടുത്ത് സർവ്വീസ് നടത്താനുള്ള തീരുമാനം റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം റദ്ദാക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സൂപ്പർ ക്ലാസ്സ് ദേശസാൽകൃത ഉത്തരവ് പ്രകാരം ഏറ്റെടുത്തിട്ടുള്ള സർവ്വീസുകൾ എത്ര; പ്രസ്തുത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല. ബാധകമല്ല.

(ബി) 185 റൂട്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. ഈ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly